# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 4337/11/12/2023/ TVM**

പരാതികക്ഷി : ദിലീപ്കുമാർ.എസ്, കൽപ്പകശ്ശേരി ഹൗസ്
ടി.സി.30/1486,പേട്ട,തിരുവനന്തപുരം

എതിർകക്ഷികൾ : 1) ടിയാൻെറ ഭാര്യ രേഖാ രാജ്

**മുതൽപേർ**

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷിയും ഭര്യയും അകന്ന് കഴിയുകയാണെന്നും, മകളെ കാണാൻ അനുവദിക്കുന്നില്ലായെന്നും, ഭാര്യയും ഭാര്യാസഹോദരൻ രഞ്ജിത്തും അവരുടെ സുഹൃത്തായ അഡ്വക്കേറ്റും ചേർന്ന് ടിയാനെ കോടതി വളപ്പിൽ വച്ച് മാരകമായി ആക്രമിച്ച് പരിക്കേൽപ്പിച്ചതായും, വഞ്ചിയൂർ പോലീസ് ഇക്കാര്യത്തിൽ ആവശ്യമായ നിയമനടപടി സ്വീകരിക്കുന്നില്ലായെന്നും, 08.06.2022 തീയതി ബന്ധുവായ പ്രസാദ് എന്നയാൾ തന്നെ വീടു കയറി തന്നെയും അമ്മയെയും ആക്രമിക്കാൻ മുതിർന്നെന്നും, ടിയാനെ മാനസികരോഗിയായി ചിത്രീകരിച്ച് അപമാനിക്കാൻ എതിർകക്ഷികൾ ശ്രമിക്കുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷ്ണർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയും എതിർകക്ഷി രേഖാ രാജും തമ്മിലുള്ള വിവാഹം 2007 ഏപ്രിൽ 23 നടന്നിട്ടുള്ളതും ഇരുവർക്കും 15 വയസ്സുള്ള ഒരു പെൺകുട്ടി ഉള്ളതും ഇപ്പോൾ രണ്ടരവർഷമായി ഇരുവരും പിണങ്ങി മാറി താമസിക്കുന്നതുമാണെന്നും, പരാതിക്കാരനെതിരെ ചെലവിനായി MC 184/2022 ആയും വസ്തു അറ്റാച്ച് ചെയ്യുന്നതിനായി ഒ.പി 2637/2022 ആയും രണ്ട് കേസുകൾ ടിയാൻെറ ഭാര്യ രേഖാ രാജ് കുടുംബ കോടതിയിൽ നൽകിയിട്ടുണ്ടെന്നും, രേഖാരാജിൻെറ അഡ്വക്കേറ്റ് ശ്രീകാന്തിനെതിരെ വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1271/2022 ആയും, രേഖാരാജിൻെറ ബന്ധു പ്രസാദിനെതിരെ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 472/2022 ആയും പരാതിക്കാരൻെറ പരാതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, പരാതിക്കാരൻ സംശയ

രോഗിയാണെന്നും, മാനസിക രോഗിയാണെന്നും എതിർകക്ഷികൾ പറഞ്ഞ് നടക്കുന്നുവെന്നുള്ളതിന് ബന്ധപ്പെട്ട കോടതി മുഖാന്തിരം അപകീർത്തി കേസ്സ് ഫയൽ ചെയ്ത് പരാതിക്ക് പരിഹാരം കാണേണ്ടതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1271/2022, പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 472/2022 നമ്പർ കേസ്സുകളുടെ അന്വേഷണം കാര്യക്ഷമമായും നിഷ്പക്ഷമായും പൂർത്തിയാക്കി തുടർനിയമനടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് സിറ്റി പോലീസ് കമ്മീഷണർ നൽകേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷ്ണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ